# അക്കാദമിക മാസ്റ്റർപ്ലാൻ

ജി.യു.പി.എസ്
കുറുമശ്ശേരി

Scanned with CamScanner

## ഉള്ളടക്കം

1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയം – മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്.
5. നിലവിലെ അവസ്ഥാവിശകലനം
(a) ഭൗതിക നേട്ടങ്ങൾ
(b) പരിമിതികൾ
6 പദ്ധതി വിശദാംശങ്ങൾ
[മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം
ചുമതല, സാമ്പത്തിക വിശകലനം]

Scanned with CamScanner

## ആമുഖം

പാറക്കടവ് ഗ്രാമപഞ്ചായത്തിലെ കുറുമശ്ശേരി
എന്ന ഗ്രാമത്തിലാണ് വിദ്യാലയം. ചരിത്രപരവും
ഐതിഹ്യപരവുമായ പെരുമയേറുന്ന നാടാണിത്.
ചരിത്രപരമായി മൂഴിക്കുളം, കുറുമശ്ശേരി, എളവൂർ
പ്രദേശങ്ങൾ ഒരു ക്ഷേത്രനഗരിയായിരുന്നു.
ചാലക്കുടിയാറും, നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന
വയലുകളും ചേർന്ന ഈ പ്രദേശത്തെ ജലസമ്പുഷ്ട
മാക്കിയിരുന്നു. അതിനാലാകണം ഇവിടെ കൂർമങ്ങൾ
(ആമ) ധാരാളമുണ്ടായിരുന്നു, കൂർമ്മശ്ശേരി-കുറുമശ്ശേരി-
ആയി മാറി. ഈ കൊച്ചുഗ്രാമത്തിലെ സാധാരണക്കാരായ
ജനങ്ങൾക്ക് വിദ്യ അഭ്യസിക്കുന്നതിനായി ദീർഘ-
വീക്ഷണത്തോടെ പ്രസിദ്ധ ജന്മിയും സാമൂഹ്യപരിഷ്കർ-
ത്താവുമായിരുന്ന കണ്ടനാട് കാരണവർ 1910ൽ
ആരംഭിച്ചതാണ് ഈ വിദ്യാലയം. തുടക്കത്തിൽ
ലോവർ പ്രൈമറി സ്കൂൾ ആയി പ്രവർത്തിച്ച് 1981ൽ
അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തപ്പെട്ടു. 1998ൽ
പ്രീപ്രൈമറി വിഭാഗം കൂടി ആരംഭിച്ചതോടെ
സമ്പൂർണ്ണമായ വിദ്യാഭ്യാസ സൗകര്യ 115 വർഷമായി
തുടരുന്നു.

Scanned with CamScanner

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : ഗവ. യു.പി. സ്കൂൾ, കുറുമശ്ശേരി.

വിലാസം : കുറുമശ്ശേരി. പി.ഒ
എറണാകുളം - 683579

ഫോൺ : 0484-2470096

2. സ്കൂൾ കോഡ് : 25457 (യു.പി)
3. വിദ്യാഭ്യാസ ഉപജില്ല : അങ്കമാലി.
4. വിദ്യാഭ്യാസ ജില്ല : ആലുവ
5. റവന്യൂ ജില്ല : എറണാകുളം
6. ബി.ആർ.സി : അങ്കമാലി
7. സി.ആർ.സി : പാറക്കടവ്
8. ഗ്രാമപഞ്ചായത്ത് : പാറക്കടവ്
9. ബ്ലോക്ക് പഞ്ചായത്ത് : പാറക്കടവ്
10. ജില്ലാപഞ്ചായത്ത് : എറണാകുളം.
11. താലൂക്ക് : ആലുവ
12. വില്ലേജ് : പാറക്കടവ്
13. ഇ.മെയിൽ : gupskurumassery@gmail.com
14. വെബ്സൈറ്റ് : www.gupskurumasseryschool.blogspot.in

## ലക്ഷ്യങ്ങൾ

(1) മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

(2) അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

(3) എൽ.കെ.ജി. മുതൽ 7-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായ നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.

(4.) അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

Scanned with CamScanner

# ഗവ. യു. പി. സ്കൂൾ കുറുമശ്ശേരി

കുറുമശ്ശേരി ഗ്രാമത്തിന്റെ തിരുമുറ്റത്ത് കൊളുത്തി വച്ച നിലവിളക്കാണ് ഈ സർക്കാർ വിദ്യാലയം. ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി മുതൽ 7-ാം തരം വരെ 136 കുട്ടികളുണ്ട്. അക്കാദമിക മികവു പുലർത്തുന്ന ഈ വിദ്യാലയത്തിൽ നിന്നും കഴിഞ്ഞ തവണ 1 കുട്ടിക്ക് LSS സ്കോളർഷിപ്പും 3 കുട്ടികൾ U.S.S. സ്കോളർഷിപ്പും കരസ്ഥമാക്കി. ശാസ്ത്രകലാമേളകളിലും ഈ വിദ്യാലയത്തിൽ നിന്നും വളരെയധികം കുട്ടികൾ പങ്കെടുക്കുന്നു.

വിദ്യാലയം – മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

(1) • നല്ല വിദ്യാലയത്തിലൂടെ നല്ല നാട്

മുഴുവൻ വിദ്യാർത്ഥികളും മികവിലേക്ക്

ആധുനിക ലോകത്തിന്റെ മുൻനിരയിൽ നിൽക്കുന്ന സന്തോഷവും, ആരോഗ്യവും ആത്മവിശ്വാസവുമുള്ള ചിന്തിക്കുന്ന കുട്ടിയെ രൂപപ്പെടുത്തുക.

ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ സ്കൂളിനെ സജ്ജമാക്കുക.

(2) ശിശു സൗഹൃദ വിദ്യാലയം

(3) ഹരിത വിദ്യാലയം.

(4) ജനാധിപത്യബോധം, സ്ത്രീപുരുഷസമത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്ന പഠനാന്തരീക്ഷം ഒരുക്കുക.

(5) പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും ഇടവും നൽകുന്ന വിദ്യാലയം

(6) പാരിസ്ഥിതികാവബോധം ഊട്ടിയുറപ്പിക്കുക.
(7) കലാബോധവും ഹൃദയാർദ്രതയുമുള്ള പൂർണ്ണ-
മനുഷ്യനെ സൃഷ്ടിക്കുന്ന വിദ്യാലയം
(8) ജീവിത നൈപുണി വിദ്യാഭ്യാസം നൽകുക.

## നിലവിലെ അവസ്ഥാവിശകലനം

### നേട്ടങ്ങൾ.

നല്ലൊരു ഓഫീസ് കെട്ടിടം, സ്റ്റേജ്, ഊട്ടുപുര എന്നിവയും, ചിൽഡ്രൻസ് പാർക്കും, സ്കൂൾവാഹന-വുമുണ്ട്. ക്ലാസ്സ് മുറികളെല്ലാം ഓടിട്ടപഴയ കെട്ടിടത്തി-ലാണെങ്കിലും ടൈൽ പാകിയതാണ്. പുതിയ ഒരു ഓഡിറ്റോറിയമുണ്ട്. കിണർ, കുടിവെള്ള സൗകര്യങ്ങൾ, ആവശ്യത്തിനു ടോയ്‌ലറ്റ് സൗകര്യങ്ങൾ, ലൈബ്രറി എന്നിവ-യുമുണ്ട്.

### പരിമിതികൾ

വിദ്യാലയ വികസനത്തിനാവശ്യമായ സ്ഥലമില്ല, കളിസ്ഥലമില്ല, ജൈവ വൈവിധ്യ പാർക്ക്, നക്ഷത്രവനം എന്നിവയൊക്കെ പേരിനു മാത്രമേ ഒരുക്കാൻ സാധ്യമാവൂ. ഔഷധത്തോട്ടമൊരുക്കാനും പരിമിതിയുണ്ട്.

വലിയ കമ്പ്യൂട്ടർ ലാബ്, ആവശ്യത്തിന് കമ്പ്യൂ-ട്ടറുകൾ, വലിയ ലൈബ്രറി, ശാസ്ത്രം ഗണിതശാസ്ത്ര ലാബുകൾ, സാമൂഹ്യശാസ്ത്രലാബ്, ആധുനിക രീതിയിലുള്ള ക്ലാസ്മുറികൾ എന്നിവ ആവശ്യ-മാണ്.

പ്രീപ്രൈമറി, 1,2 - ക്ലാസ്സുകൾക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ആകർഷകമായ ക്ലാസ്മുറികൾ ഒരുക്കേണ്ടതുണ്ട്. ഊട്ടുപുരയിൽ ആകർഷകവും സൗകര്യപ്രദവുമായ ഇരിപ്പിടങ്ങൾ ഒരുക്കേണ്ടതുണ്ട്. ഊട്ടുപുരയോട് ചേർന്ന് മഴ നനയാതെ കൈകഴുകാനുള്ള സൗകര്യവും ഒരുക്കണം.

Scanned with CamScanner

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുക | ആഴ്ചയിൽ ഒരുദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക, അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ |

## പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
മേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | ഓരോ ടേമിലും ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്, മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ, HM |

Scanned with CamScanner

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയേറ്റർ

മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെയോ അല്ലെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ (skit, drama etc) | പ്രതിമാസ പരിപാടി | H M, ഇംഗ്ലീഷ് അധ്യാപിക | |

Scanned with CamScanner

## പ്രവർത്തനം - 5

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | H M, PTA | |

## പ്രവർത്തനം - 6

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | |

Scanned with CamScanner

## പ്രവർത്തനം - 7

പേര് : ജൈവവൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കാൻ | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | |

## പ്രവർത്തനം - 8

പേര് : ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ ഉണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

Scanned with CamScanner

പ്രവർത്തനം 9

പേര് : നാടകപരിശീലനം

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ-വാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ നാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അതിന്റെ അവതരണവും | വർഷത്തിൽ ഒരുപ്രാവശ്യം | എസ്.എസ്.ജി | |

പ്രവർത്തനം 10

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

Scanned with CamScanner

പ്രവർത്തനം 11

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ് ആർ ജി ഗണിതക്ലബ് | |

പ്രവർത്തനം 12

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തിരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

Scanned with CamScanner

പ്രവർത്തനം 13

പേര് : ഹിന്ദി അസംബ്ലി

മേഖല : ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ ഹിന്ദി ഭാഷാ ശേഷി വർദ്ധിപ്പിക്കുക | യു.പി. തലത്തിൽ ആഴ്ച്ചയിൽ ഒരു ദിവസം അസംബ്ലി ഹിന്ദിയിൽ അവതരിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒരു ദിവസം. | ക്ലാസ് ടീച്ചർ |

പ്രവർത്തനം 14

പേര് : ഹിന്ദി സെമിനാർ

മേഖല : ഹിന്ദി പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഹിന്ദി വാചകങ്ങൾ കണ്ടെത്താനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | 5,6,7 ക്ലാസുകളിൽ ഒരു വിഷയം നൽകുകയും ആ വിഷയത്തെക്കുറിച്ച് ഒന്നോ രണ്ടോ വാചകങ്ങൾ സംസാരിക്കാനായി കുട്ടികളോട് ആവശ്യപ്പെടുന്നു. | ഒന്നിടവിട്ട ദിവസങ്ങളിൽ | ക്ലാസ് ടീച്ചർ |

Scanned with CamScanner

പ്രവർത്തനം 15

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം ...പ്രവർത്തന ...ണ് എന്ന് ...നസിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

പ്രവർത്തനം 16

പേര് : ഒറിഗാമി ശില്പശാല

മേഖല/ഉപമേഖല : അക്കാദമികം / ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...സകരമായ ...ഗണിതശാസ്ത്ര ...പഠനവും ...രചലന ...ശേഷികളുടെ ...വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പരിചയപ്പെടുത്തൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി കെ. എസ്. എ | |

Scanned with CamScanner

## പ്രവർത്തനം 17

പേര് : സാമൂഹ്യശാസ്ത്രമേള ലാബ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |

## പ്രവർത്തനം 18

പേര് : പഠനയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്ന് വീതം | എസ്. ആർ. ജി | |

Scanned with CamScanner

## പ്രവർത്തനം 19

പേര് : പഠന പിന്നോക്കക്കാർക്ക് പരിശീലനം [IED]

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും ഭിന്നശേഷിക്കാർക്കും പരിശീലനം | എല്ലാ ദിവസവും രാവിലെ ഒരു മണിക്കൂർ പ്രത്യേക പരിശീലനം | ഒരു വർഷം | ക്ലാസ് ടീച്ചേഴ്സ് | |

## പ്രവർത്തനം 20

പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചേഴ്സ് ക്ലാസ് ലീഡേഴ്സ് | |

Scanned with CamScanner

പ്രവർത്തനം 21

പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക്ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി | |

പ്രവർത്തനം 22

പേര് : സമ്മർ ഗ്രാമർ സ്കൂൾ

മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അധ്യാപകരെ പ്രയോജനപ്പെടുത്തി മധ്യവേനൽ അവധിക്കാലത്ത് ഒരാഴ്ച നീണ്ടു നിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം. | അവധി ദിവസങ്ങളിൽ | പി.റ്റി.എ എസ്.ആർ.ജി. | |

Scanned with CamScanner

പ്രവർത്തനം · 23

പേര് : കാരണവക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്നവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന 80 വയസ്സിന് മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു, അവരുമായി ആശയ വിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്നു വീതം | ഒ. എസ്. എ., എസ്.ആർ.ജി. | - |

പ്രവർത്തനം · 24

പേര് : പൊതിച്ചോറ്

മേഖല : സാമൂഹികം/ജീവകാരുണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ഇതര ജീവനക്കാരും ഭക്ഷണ പൊതികൾ കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ. | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി | - |

Scanned with CamScanner

പ്രവർത്തനം. 25
പേര് : പ്രീപ്രൈമറി & ലാബ് സമുച്ചയം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ ലാബുകൾ ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീപ്രൈമറി & ലാബ് മന്ദിര സമുച്ചയം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ, എച്ച്.എം. | - |

പ്രവർത്തനം - 26
പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുൻപിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി, ഒ.എസ്.എ | - |

Scanned with CamScanner

പ്രവർത്തനം. 27
പേര് : അങ്കണവാടി കലോത്സവം
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്ന് നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | – |

പ്രവർത്തനം - 28
പേര് : വായനക്കൂട്ടം
മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ നാട്ടിലെ വായനാതൽപരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | – |

Scanned with CamScanner